# ഭരണമില്ലെങ്കിൽ ദീനില്ലേ?

**''ജനങ്ങളുടെ ഇടയിൽ നിങ്ങൾ വിധി പറയുമ്പോൾ നീതിപൂർവ്വം വിധി പറയുവാനും അല്ലാഹു കൽപിക്കുന്നു''**

**(സൂറ: നിസാഅ്-58)**

സ്ഥിരം വിധികർത്താക്കളായി നിശ്ചയിക്കപ്പെട്ടവർക്കും തൽക്കാലം ഏതെങ്കിലും വിഷയത്തിൽ വിധി പറയുവാൻ തെരഞ്ഞെടുക്കപ്പെടുന്ന മധ്യസ്ഥന്മാർക്കും ഇത് ബാധകമാണ്. ഇവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു വിഷയമുണ്ട്. ഭരണത്തോടുള്ള അതിമോഹം നിമിത്തം ചില ആളുകൾ വളരെ അതിരുകവിഞ്ഞ് പലതും പറഞ്ഞിട്ടുണ്ട്. ദീൻ എന്നാൽ സ്റ്റേറ്റ്, ശരീഅത്ത് എന്നാൽ സ്റ്റേറ്റിന്റെ ഭരനഘടന, ഇബാദത്ത് എന്നാൽ ആ ഭരണഘടനയനുസരിച്ച് ജീവിക്കൽ. ഇതവരുടെ ഒരു അടിസ്ഥാന സിദ്ധാന്തമാണ്. ''സ്വന്തം ഭരണമില്ലാത്ത ദീനിന്റെ സ്ഥിതി ഭൂമിയിൽ സ്ഥാപിക്കപ്പെടാത്ത ഒരു സങ്കൽപ വീടുപോലെയാണ്. ഭൂമിയിൽ സ്ഥാപിതമായ ഒരു വീട്ടിൽ മാത്രമേ നിങ്ങൾക്ക് താമസിക്കാൻ സാധിക്കുകയുള്ളൂവെങ്കിൽ പിന്നെ തലച്ചോറിൽ മറ്റൊരു വീടിന്റെ പ്ലാനുണ്ടായിരിക്കുന്നത് കൊണ്ട് എന്തു പ്രയോജനമാണുള്ളത്?'' (ഖുതുബാത്ത്- പേജ് 398. 'ജിഹാദിന്റെ പ്രാധാന്യം') അങ്ങനെ ജനങ്ങളുടെ ഇടയിൽ വിധി നടത്താനുള്ള അധികാരം സ്ഥാപിക്കലാണ് ആദ്യം വേണ്ടതെന്നും ജനങ്ങൾ അല്ലാഹുവിനെ മാത്രം ആരാധിക്കുന്നവരാകണം എന്നതു പോലെയുള്ള വിഷയങ്ങളൊക്കെ ഭരണം സ്ഥാപിച്ചതിന് ശേഷം നോക്കേണ്ടതാണെന്നുമൊക്കെയാണ് വാദം. ഈ വാദങ്ങളെല്ലാം ഇസ്‌ലാമിന് പുതിയതാണ്. ഇസ്‌ലാമിന് അന്യവും അപരിചിതവുമാണ്. ഇവരിൽ പെട്ട ചിലർ എന്നെ ഒരിക്കൽ വളഞ്ഞുവെച്ച് പലതും ചോദിച്ച കൂട്ടത്തിൽ ഒന്ന് ഇവിടെ ചുരുക്കി പറയുന്നു. ''ഖുർആനിൽ നമ്മളോട് നമസ്കരിക്കാൻ കൽപിച്ചു. അതു നമ്മൾ ചെയ്യുന്നു. നോമ്പ് നോൽക്കാൻ കൽപിച്ചു. അതും നമ്മൾ ചെയ്യുന്നു. അങ്ങനെ പലതും. കട്ടവന്റെ കൈമുറിക്കാൻ കൽപിച്ചു. അത് ചെയ്യുന്നില്ല. വ്യഭിചാരിയെ ശിക്ഷിക്കാൻ കൽപിച്ചു. അതും ചെയ്യുന്നില്ല. നമുക്ക് ഭരണമില്ലാത്തതുകൊണ്ടാണ് ഇതൊക്കെ ചെയ്യാത്തതെന്നാണ് പറയൽ. അപ്പോൾ ഭരണം സ്ഥാപിക്കാത്തതിന് നാം കുറ്റക്കാരല്ലേ?'' ഞാൻ മറുപടി പറഞ്ഞു. ''സകാത്ത് കൊടുക്കാൻ വളരെ ശക്തിയായി കൽപിച്ചിട്ടുണ്ടല്ലോ? ഹജ്ജ് ചെയ്യാനും കൽപിച്ചിട്ടുണ്ടല്ലോ? നമ്മളിൽ പലരും സകാത്ത് കൊടുത്തിട്ടില്ല. ഹജ്ജിന് പോയിട്ടുമില്ല. മുതലില്ലാത്തത് കാരണം. അപ്പോൾ മുതലുണ്ടാക്കത്തതിന് കുറ്റക്കാരാകുമോ?'' ആകൂലാ എന്ന് ചോദ്യകർത്താക്കളും കുറ്റക്കാരാകുമെന്ന് ഞാനും. കുറെ നേരം തർക്കിച്ചു. അവസാനം അവരുടെ വാദം ഞാൻ സ്വീകരിച്ചു. മുതലുണ്ടാക്കാത്തതിന് കുറ്റക്കാരാകുകയില്ല എന്ന് അവസാനം ഞാൻ പറഞ്ഞു. ഇതുപോലെ തന്നെയാണ് നിങ്ങൾ ചോദിച്ച മറ്റേ വിഷയം. സ്വന്തം ഭരണമില്ലാത്ത ദീൻ ഭൂമിയിൽ സ്ഥാപിക്കപ്പെടാത്ത വീടു പോലെയാണെന്നാണ് ഇവരുടെ ആചാര്യന്റെ വാദം. തികഞ്ഞ അബദ്ധമാണ് ആ വാദം. മുസ്‌ലിംകൾക്ക് ഭൂരിപക്ഷമോ നേതൃത്വമോ ഉള്ള രാജ്യത്ത് ഇസ്‌ലാമിക ശരീഅത്തനുസരിച്ചാണ് ഭരിക്കേണ്ടത്.

ഇസ്‌ലാമിക ഭരണമില്ലെങ്കിൽ ദീൻ ഇല്ലെന്നോ ദീൻ പൂർണമാകില്ലെന്നോ ഉള്ള വാദങ്ങൾ അടിസ്ഥാന രഹിതമാണ്. മക്കയിലെ മുശ്‌രിക്കുകളുടെ അക്രമം കഠിനമായപ്പോൾ ഹബ്ശ: (അബ്സീനിയ) യിലേക്ക് ഹിജ്റ പോകാനനുവാദം നൽകി. പ്രവാചകത്വത്തിന്റെ അഞ്ചാം വർഷം റജബ് മാസത്തിൽ ഉസ്മാനുബ്നുഅഫ്ഫാനി (റ) ന്റെ നേതൃത്വത്തിൽ പന്ത്രണ്ട് സഹാബികളും നാല് സഹാബി വനിതകളും ഹബ്ശയിലേക്ക് പോയി. അധികം താമസിയാതെ 18 സ്ത്രീകളും 84 പുരുഷന്മാരുമടങ്ങുന്ന ഒരു സംഘം കൂടി ഹബ്ശയിലേക്ക് ഹിജ്റ പോകുകയുണ്ടായി. ക്രിസ്ത്യാനിയായ നജ്ജാശി രാജാവാണവിടെ ഭരണാധികാരി. വർഷങ്ങളോളം അവരവിടെ താമസിച്ചു. അനിസ്‌ലാമികമായ ഒരു ഭരണത്തിൻ കീഴിൽ തന്നെയാണവർ ജീവിച്ചത്. ഹിജ്റക്ക് ശേഷം മദീനയിൽ ഒരിസ്‌ലാമിക സമൂഹം നിലവിൽ വന്നതിന് ശേഷവും കുറച്ചുകാലം അവരവിടെത്തന്നെയായിരുന്നു. പിന്നീടാണ് അവർ മടങ്ങിയെത്തിയത്. മുസ്‌ലിമായി ജീവിക്കുന്നതിന് ഒരു തടസ്സവുമില്ലെന്നർത്ഥം. ഇസ്‌ലാമിന്റെ വിധിവിലക്കുകളനുസരിച്ച് സത്യവിശ്വാസിയായി ജീവിതം നയിക്കുന്നതിന്, നാട്ടിന്റെ ഭരണവുമായി ബന്ധമില്ല. ''മതകാര്യത്തിൽ നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കുകയും നിങ്ങളുടെ വീടുകളിൽ നിന്ന് നിങ്ങളെ പുറത്താക്കാതിരിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം നിങ്ങളവർക്ക് നന്മ ചെയ്യുന്നതും നിങ്ങളവരോട് നീതി കാണിക്കുന്നതും അല്ലാഹു നിങ്ങളോട് വിരോധിക്കുന്നില്ല'' എന്ന് സൂറ: മുംതഹിനയിൽ ഖുർആൻ വ്യക്തമാക്കുന്നുണ്ട്. സത്യവിശ്വാസികളുടെ നേതാവായും മാതൃകയായും ഖുർആൻ ചൂണ്ടിക്കാണിക്കുന്നത് ഫിർഔന്റെ ഭാര്യയെ (തഹ്‌രീം-11) യാണ്. ലോകം കണ്ട ഏറ്റവും വലിയ ധിക്കാരിയും നിഷേധിയും ''നിങ്ങളുടെ ഏറ്റവും വലിയ ദൈവം ഞാൻ തന്നെയാണ്'' എന്ന് പറയുകയും ചെയ്ത മഹാ അഹങ്കാരി ഫിർഔന്റെ അനിസ്‌ലാമിക ഭരണത്തെപ്പറ്റി ആരും സംശയിക്കുകയില്ലല്ലോ. ആ മഹാനിഷേധിയുടെ ഭാര്യയെ സത്യവിശ്വാസികളുടെ മാതൃകയായി ഖുർആൻ ചൂണ്ടിക്കാണിക്കുന്നതിൽ നിന്ന് കാര്യം വ്യക്തമാണ്. അനിസ്‌ലാമിക ഭരണത്തിന് കീഴിൽ ജീവിക്കുന്നവന്റെ ദീൻ സങ്കൽപദീനും അപൂർണ്ണദീനുമൊക്കെയായിരുന്നുവെങ്കിൽ ഖുർആൻ അങ്ങനെ പറയുമായിരുന്നില്ല. ഇതിൽ നിന്നെല്ലാം ഇസ്‌ലാമിക ഭരണമില്ലെങ്കിൽ ഇസ്‌ലാമില്ല എന്നോ ഇസ്‌ലാം പൂർണ്ണമാകില്ല എന്നോ പറയുന്നത് തികച്ചും അടിസ്ഥാനരഹിതവും പ്രമാണങ്ങൾക്ക് വിരുദ്ധവുമാണെന്ന് തെളിയുന്നു. ഇസ്‌ലാമനുസരിച്ച് ജീവിക്കുന്നുണ്ടോ എന്നതിലാണ് കാര്യം.

*(തർജുമാനുൽ ഖുർആൻ: ഭാഗം ഒന്ന്. പേജ്: 335. കെ. ഉമർ മൗലവി, തിരൂർകാട്)*

മുഹമ്മദ് യാസർ വി.കെ, അബൂദാബി

mmdyaser@gmail.com